## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2109** **18.03.2015 ൽ മറുപടിയ്ക്ക്**

### സൗരോർജ്ജ പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.മമ്മൂട്ടി<br>" എൻ.എ.നെല്ലിക്കുന്ന്<br>" സി. മോയിൻകുട്ടി<br>" പി.ബി.അബ്ദുൾ റസാക് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ)വൈദ്യുതി ബോർഡിന്റെ കീഴിലെ സബ് സ്റ്റേഷനുകൾ, പവർ ഹൗസുകൾ തുടങ്ങിയവയുടെ പരിസരത്ത് ഒഴിഞ്ഞ് കിടപ്പുള്ള സ്ഥലങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) വൈദ്യുതി ബോർഡിന്റെ കീഴിലെ സബ്സ്റ്റേഷൻ, പവർ ഹൗസുകൾ തുടങ്ങിയവയുടെ പരിസരത്ത് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ട് K.S.E.B താഴെ പറയുന്ന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>1. കഞ്ചിക്കോട് 220 കെ.വി. സബ്സ്റ്റേഷൻ പരിസരത്തുള്ള ഒഴിഞ്ഞുകിടക്കുന്ന 5 ഏക്കർ സ്ഥലത്ത് നിർമ്മാണം പുരോഗമിക്കുന്ന ഒരു മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതി. ഈ പദ്ധതി 2015 ജൂണിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>2. കൊല്ലങ്കോട് 110 കെ.വി. സബ്സ്റ്റേഷൻ പരിസരത്തുള്ള 4.45 ഏക്കർ സ്ഥലത്ത് വിഭാവനം ചെയ്തിട്ടുള്ള ഒരു മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതി.<br>3. കൊഴിഞ്ഞാംപാറ 110 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് നിർമിക്കാനുദ്ദേശിക്കുന്ന 200 കിലോവാട്ടിന്റെ സൗരോർജ്ജ പദ്ധതി.<br>4. കേരളമൊട്ടാകെ സബ്സ്റ്റേഷനുകളുടേയും, പവർ ഹൗസുകളുടേയും, മറ്റ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കെട്ടിടങ്ങളുടേയും മേൽക്കൂരകളിൽ സ്ഥാപിക്കുവാനായി 2 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.<br>മേൽപ്പറഞ്ഞ 2,3,4 പദ്ധതികൾക്കുള്ള ടെൻഡർ നടപടികൾ പ്രാരംഭദിശകളിലാണ്. |

(ബി) ഇതിനായി എത്ര സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) പാലക്കാട് ജില്ലയിൽ താഴെപറയുന്ന സ്ഥലങ്ങളാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്.

1. കഞ്ചിക്കോട് - 5 ഏക്കർ
2. കൊല്ലങ്കോട് - 4.45 ഏക്കർ
3. കൊഴിഞ്ഞാംപാറ - 85 സെന്റ്.

(സി)ഈ പദ്ധതിക്കായുള്ള സാങ്കേതിക സഹായത്തിനും അനുബന്ധ ഉപകരണങ്ങൾക്കുമായി ഏതൊക്കെ ഏജൻസികളുടെ സഹകരണമാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതികളെല്ലാം ടെൻഡർ മുഖേന തിരഞ്ഞെടുക്കുന്ന കോൺട്രാക്ടർ വഴി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ